**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3315** **08-10-2025 - ൽ മറുപടിയ്ക്ക്**

**കോതമംഗലം മണ്ഡലത്തിലെ ഇഞ്ചത്തൊട്ടി പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ആന്റണി ജോൺ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | കോതമംഗലം മണ്ഡലത്തിൽ ഇഞ്ചത്തൊട്ടിയിൽ പുതിയ പാലം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | കീരംപാറ ഗ്രാമപഞ്ചായത്തിന്റെ കീഴിൽ ടേക്ക് എ ബ്രേക്ക് പദ്ധതി വഴി നിർമ്മിക്കുന്ന ശുചിമുറിയുടെ നിർമ്മാണം ഇഞ്ചത്തൊട്ടി പാലത്തിന്റെ അപ്രോച്ച് റോഡിന്റെ അലൈമെന്റിലാണ് വരുന്നത്. ശുചിമുറിയുടെ നിർമ്മാണം ആരംഭിച്ച സാഹചര്യത്തിലും ഇഞ്ചത്തൊട്ടി തൂക്ക് പാലത്തിലേക്ക് ദിനംപ്രതി ധാരാളം ടൂറിസ്റ്റുകൾ എത്തിച്ചേരുന്നതിനാലും ടൂറിസ്റ്റുകൾക്ക് വേണ്ട അടിസ്ഥാന സൗകര്യമായ ശുചിമുറി അത്യാവശ്യമാണെന്നതിനാലും നിലവിൽ ആരംഭിച്ച ടോയിലറ്റ് നിർമ്മാണം പൂർത്തീകരിക്കേണ്ടതുണ്ട്. 2024 ഓഗസ്റ്റ് 24 -ാം തീയതിയിലെ കളക്ടറുടെ യോഗത്തിൽ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ; പൊതുമരാമത്ത് പാലങ്ങൾ വിഭാഗം നിലവിൽ നിർദ്ദേശിച്ചിരിക്കുന്ന അലൈൻമെന്റ് ശുചിമുറിയുടെ നിർമ്മാണത്തെ പ്രതികൂലമായി ബാധിക്കാത്ത വിധത്തിൽ പുനഃക്രമീകരിക്കേണ്ടതുണ്ട്. മണ്ണ് പരിശോധനാ പ്രവൃത്തി ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയത് പരിശോധിച്ച് വരുകയാണ്. മണ്ണ് പരിശോധനാ പ്രവൃത്തിയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയശേഷം പുതിയ അലൈമെന്റിന് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | പാലം യാഥാർത്ഥ്യമാക്കുന്നതിനാവശ്യമായ നടപടി അടിയന്തരമായി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | എ പിരിവിന്റെ അതേ മറുപടി. |

സെക്ഷൻ ഓഫീസർ